11805
14/9/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കൺസൾട്ടന്റായി ശ്രീമതി ജയലക്ഷ്മി. കെ. ഐ. യെ നിയമിച്ച നടപടിയ്ക്ക് സാധൂകരണവും പുതിയതായി കൺസൾട്ടിനെ നിയമിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

===========================================================

സാമൂഹ്യ നീതി (എ) വകുപ്പ്

സ. ഉ (സാധാ) നം. 505/15/സാ.നീ.വ. തീയതി, തിരുവനന്തപുരം, 06.08.2015.

പരാമർശം :- 1) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സെക്രട്ടറിയുടെ 01.06.2015 ലെ 64/04/എ 1/2013/കേസംബാസംക നമ്പർ കത്ത്.
2) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സെക്രട്ടറിയുടെ 13.04.2015 ലെ 64/എ 1/2013/കേസംബാസംക നമ്പർ നടപടിക്രമം.
3) ധനകാര്യ വകുപ്പിന്റെ 14.07.2015 ലെ 51775/ഡബ്ല്യു1/15/ധന നമ്പർ കുറിപ്പ്.

## ഉത്തരവ്

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരെ സഹായിക്കുന്നതിന്, 20,000/- (രൂപ ഇരുപതിനായിരം മാത്രം) രൂപ 'കൺസോളിഡേറ്റഡ് പേ' യിൽ ശ്രീമതി ജയലക്ഷ്മി. കെ. ഐ. യെ പരാമർശം 2 പ്രകാരം നിയമിച്ചിരുന്നു. പ്രസ്തുത നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും നിലവിൽ ഒഴിവുള്ള തസ്തികകളിൽ ചട്ടപ്രകാരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശപ്രകാരം നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ശ്രീമതി ജയലക്ഷ്മി. കെ. ഐ. ഒന്നാം റാങ്കുകാരിയും ശ്രീ. സത്യകുമാർ. വി രണ്ടാം റാങ്കുകാരനാണെന്നും അതിനാൽ ശ്രീമതി ജയലക്ഷ്മിയെ പരാമർശം 2 പ്രകാരം നിയമിച്ച നടപടിയ്ക്ക് സാധൂകരണവും ശ്രീ. സത്യകുമാർ. വി. യ്ക്ക് നിയമനം നൽകുന്നതിന് അനുമതിയും നൽകണമെന്ന് പരാമർശം 1 പ്രകാരം സെക്രട്ടറി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി ജയലക്ഷ്മി. കെ. ഐ യെ പ്രതിമാസം 20,000/- (രൂപ ഇരുപതിനായിരം മാത്രം) രൂപ 'കൺസോളിഡേറ്റഡ് പേ' യിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ കൺസൾട്ടന്റായി നിയമിച്ച കമ്മീഷന്റെ നടപടി സാധൂകരിച്ചുകൊണ്ടും ശ്രീ. സത്യകുമാർ. വി. യെ കൺസൾട്ടന്റായി നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ടെസ്സി. പി.ജോസ്,
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ് :- 1) സെക്രട്ടറി, ബാലാവകാശ കമ്മീഷൻ, ശ്രീഗണേശ്, റ്റി.സി നം. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി. ഒ, തിരുവനന്തപുരം - 695034.
2) ധനകാര്യ വകുപ്പ് (14.07.2015 ലെ U.O. 51775/ww1/15/ധന നമ്പർ പ്രകാരം)
3) വെബ് ആന്റ് ന്യു മീഡിയ വിങ്, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.